മി. സ്പീക്കർ : Correction statement by Minister for Local Self Government. 9.30 A.M.] Correction of answer given to unstarred question.

II. ഉത്തരത്തിൽ തിരുത്ത്

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി *(ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി)*: സർ, പതിനൊന്നാം കേരള നിയമസഭയുടെ പതിനൊന്നാം സമ്മേളനത്തിൽ 8-2-2005-ൽ മറുപടി നൽകിയ നക്ഷത്ര ചിഹ്നമിടാത്ത 871-ാം നമ്പർ ചോദ്യത്തിന്റെ മറുപടിയിൽ പിശക് കടന്നു കൂടിയിരിക്കുന്നു. ആയതിന്റെ തിരുത്തിയ ഉത്തരം മേശപ്പുറത്ത് വയ്ക്കുന്നു.*

മി. സ്പീക്കർ : ശ്രീ. രാജു എബ്രഹാമും മറ്റ് മെമ്പർമാരുംകൂടി അടിയന്തിര പ്രമേയത്തിന് നോട്ടീസ് നൽകിയിട്ടുണ്ട്. അതൊരു സബ്മിഷനായി അനുവദിച്ചിരിക്കുകയാണ്.

ശ്രീ. പി. ടി. തോമസ് : സർ, ഞാൻ ഇന്നലെ ഭരണഘടനയുടെ ആർട്ടിക്കിൾ 194 അനുസരിച്ച് ബഹുമാനപ്പെട്ട സ്പീക്കർക്ക് ഒരു കത്ത് നൽകിയിരുന്നു. ആർട്ടിക്കിൾ 194-ൽ Powers, privilege etc. of the House of the Legislators and of the members and committee thereof എന്നാണ് പറയുന്നത്. അതായത് നിയമസഭയിൽ ഏതെങ്കിലും ഒരു മെമ്പർ നടത്തുന്ന പ്രസംഗമാകട്ടെ, കമ്മിറ്റി അംഗം എന്ന നിലയിൽ അവർ നടത്തുന്ന റഫറൻസ് ആകട്ടെ ആ കാര്യങ്ങൾ പൊതുവേദിയിൽ ചോദ്യം ചെയ്യാൻ പാടില്ല എന്നുള്ളതാണ്. ബഹുമാനപ്പെട്ട കോടതി നൽകുന്നതുപോലെതന്നെ നിയമസഭയുടെ പ്രൊട്ടക്ഷനുള്ളതാണെന്ന കീഴ്വഴക്കമുണ്ട്. ബഹുമാനപ്പെട്ട ചാലക്കുടി മെമ്പറായ പ്രൊഫ. സാവിത്രി ലക്ഷ്മണന്റെ കോലം കത്തിക്കുകയും അവരെ തെരുവിൽ തടയും എന്ന് ഭീഷണിപ്പെടുത്തുകയും അവരെ വഴി തടയാൻ വ്യാപകമായ ഗൂഢാലോചനയും നടത്തിക്കൊണ്ടിരിക്കുന്ന എസ്.എഫ്.ഐ. അടക്കമുള്ള വിദ്യാർത്ഥി സംഘടനകൾ അവരുടെ കോലം കത്തിച്ച നടപടിക്ക് അങ്ങ് ശക്തമായ റൂളിംഗ് നൽകണം. ആർട്ടിക്കിൾ 194 ശക്തമായ പ്രൊട്ടക്ഷൻ നൽകുന്നുണ്ട്. ശക്തർ ആന്റ് കൗൾ വളരെ വ്യക്തമായി ഇത് പറയുന്നുണ്ട്. ആർട്ടിക്കിൾ 105 പാർലമെന്റ് മെമ്പർമാർക്കുള്ള പ്രൊട്ടക്ഷൻ നൽകുന്നുണ്ട്. ഈ കാര്യങ്ങളിൽ ശക്തമായ റൂളിംഗ് നൽകണം. അതുപോലെ ഒരു സംഭവമുണ്ടായി. ബഹുമാനപ്പെട്ട ആര്യാടൻ മുഹമ്മദ് രജനി സംഭവം നടന്ന കാലത്ത് നിയമസഭയിൽ ഒരു പരാമർശം

---

* തിരുത്തിയ ഉത്തരം അനുബന്ധം XII ആയി വച്ചിട്ടുണ്ട്.

GPM. 2/542/2012.—30

LIBRARY ARCHIVES Kerala Legislative Assembly

നടത്തിയപ്പോൾ ജനാധിപത്യ മഹിളാ അസോസിയേഷൻ ആര്യാടൻ മുഹമ്മദിനെ തെരുവിൽ തടയുമെന്ന് പറയുകയുണ്ടായി. ഞാൻ അതിന് പ്രിവിലേജ് നോട്ടീസ് നൽകുകയുണ്ടായി. ഇത്തരം കാര്യങ്ങൾ ആവർത്തിക്കാതിരിക്കാൻ നടപടി ഉണ്ടാകണം.

ശ്രീ. മത്തായി ചാക്കോ : സർ, ഇന്നലെ ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ഇവിടെ പ്രസംഗിക്കുന്ന സമയത്ത് രേഖകൾ മേശപ്പുറത്ത് വയ്ക്കാം എന്നു പറഞ്ഞു. അങ്ങേയ്ക്ക് രേഖാമൂലം ഇന്നലെ ഞാൻ എഴുതി തന്നിരുന്നു, മേശപ്പുറത്ത് അങ്ങനെ ഒരുരേഖയും കിട്ടിയിട്ടില്ല. അതിന്റെ കോപ്പി ലഭ്യമായിട്ടില്ല. മന്ത്രിമാർ ഇവിടെ സംസാരിക്കുന്ന സമയത്ത് ഉദ്ധരിക്കുന്ന രേഖകൾ അംഗങ്ങൾക്ക് ലഭ്യമാക്കാൻ മേശപ്പുറത്ത് വയ്ക്കണമെന്ന് ചട്ടങ്ങളിൽ പറയുന്നുണ്ട്. അത് ലഭ്യമാക്കാൻ അങ്ങ് നടപടി സ്വീകരിക്കണം. മഹാത്മാ ഗാന്ധിയെപ്പറ്റി പരാമർശിച്ച കാര്യങ്ങൾ പൂർത്തീകരിക്കാൻ അങ്ങ് അനുവദിക്കാത്തതുകൊണ്ട് എന്നെ സംബന്ധിച്ച് ചില തെറ്റിദ്ധാരണ പരന്നിട്ടുണ്ട്. അത് വ്യക്തമാക്കാൻ അങ്ങ് നടപടി സ്വീകരിക്കണം.

III. ശ്രദ്ധ ക്ഷണിക്കൽ

(1) ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾക്കുവേണ്ടിയുള്ള സ്കൂളുകൾക്ക് അംഗീകാരവും മറ്റാനുകൂല്യങ്ങളും ലഭിക്കേണ്ടതിന്റെ ആവശ്യകത

ശ്രീ. ടി. എം. ജേക്കബ് : സർ, വളരെ പ്രാധാന്യമർഹിക്കുന്ന, നമുക്കെല്ലാവർക്കും താൽപ്പര്യമുള്ള ഒരു വിഷയത്തെ സംബന്ധിച്ചാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. നമ്മുടെ സംസ്ഥാനത്തെ ജനസംഖ്യയിൽ മൂന്ന് ശതമാനത്തോളം വരുന്ന ആളുകൾ ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരാണ്. ബുദ്ധിമാന്ദ്യം സംഭവിച്ച കുട്ടികൾ നമ്മുടെ സമൂഹത്തിൽ ധാരാളമുണ്ട്. ഈ കുട്ടികളുടെ വിദ്യാഭ്യാസം, റീഹാബിലിറ്റേഷൻ എന്നിവ വലിയ വിഷയമായി നമ്മുടെ സംസ്ഥാനത്ത് നിലനിൽക്കുകയാണ്. 1986-ലെ ദേശീയ വിദ്യാഭ്യാസ നയവും തുടർന്ന് ഇൻഡ്യൻ പാർലമെന്റ് 1992-ൽ പാസ്സാക്കിയ Rehabilitation Council of India Act-ഉം 1995-ലെ വികലാംഗരുടെ നിയമവും 1999-ലെ നാഷണൽ ട്രസ്റ്റ് ആക്ടും ഈ വിഷയത്തെ സംബന്ധിച്ച് സവിശേഷമായ പരിഗണന കൊടുക്കേണ്ടതിന്റെ ആവശ്യകതയെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. പക്ഷേ നിർഭാഗ്യകരമെന്ന് പറയട്ടെ, നമ്മുടെ രാജ്യത്ത് മാറിമാറി വന്ന ഗവൺമെന്റുകൾക്ക് ഈ വിഷയത്തിൽ വേണ്ടത്ര പ്രാമുഖ്യം കൊടുക്കാൻ കഴിഞ്ഞിട്ടില്ല. 1995-ലെ

LIBRARY ARCHIVES Kerala Legislative Assembly